# വിരമിക്കൽ പ്രായം - ഇന്ത്യയിൽ




രാജ്യത്തെ 28 സംസ്ഥാനങ്ങളും ഏഴ് കേന്ദ്രഭരണ പ്രദേശങ്ങളും താരതമ്യപ്പെടുത്തിയാൽ സർക്കാർ ജീവനക്കാർ ഏറ്റവും നേരത്തേ വിരമിക്കുന്ന സംസ്ഥാനമാണു കേരളം. രാജ്യത്തു ജാർഖണ്ഡ് മാത്രമാണ് 56 വയസ്സിൽ ജീവനക്കാർ വിരമിക്കുന്ന സംസ്ഥാനം. വിരമിക്കൽ പ്രായം ഉയർത്തുന്നതിനെതിരെ ഇടതുപക്ഷ സംഘടനകൾ ഒച്ചപ്പാടുണ്ടാക്കുമ്പോൾ, ബംഗാളിൽ സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം അറുപതും അധ്യാപകരുടേത് അറുപത്തിയഞ്ചുമാണ്. ത്രിപുരയിൽ വിരമിക്കൽ പ്രായം 58ൽനിന്ന് 60 ആക്കി ഉയർത്തിയത് ഇക്കഴിഞ്ഞ മാസം അവതരിപ്പിച്ച ബജറ്റിലാണ്.

കേന്ദ്രസർക്കാർ വിരമിക്കൽ പ്രായം 58ൽനിന്ന് 60 ആക്കി ഉയർത്തിയത് 1998ലാണ്.

അത് 62 ആക്കി ഉയർത്താൻ ഇടയ്ക്ക് ആലോചനയുണ്ടായിരുന്നുവെങ്കിലും പിന്നീടത് ഉപേക്ഷിച്ചു. ചില പ്രത്യേക തസ്തികകളിൽ ഇത് 62 ആക്കി ഉയർത്താൻ വീണ്ടും ആലോചന നടക്കുകയാണ്. ബംഗാളിൽ വിരമിക്കൽ പ്രായം ഉയർത്തിയതിനെത്തുടർന്ന് സി, ഡി വിഭാഗം സർക്കാർ ജോലികൾക്ക് അപേക്ഷിക്കാവുന്ന പ്രായപരിധിയും ഉയർത്തി. ഇതു 32ൽനിന്നു 40 ആക്കി. പട്ടികജാതി - പട്ടികവർഗക്കാർക്കു 45 വയസ്സും മറ്റു പിന്നാക്കവിഭാഗങ്ങൾക്കു 43 വയസ്സുമാണു പരിധി.

ത്രിപുരയിൽ 2013 ഫെബ്രുവരിയിൽ നിയമസഭാ തിരഞ്ഞെടുപ്പു വരുന്നതു പ്രമാണിച്ച് ഇക്കൊല്ലത്തെ ബജറ്റിൽ വിരമിക്കൽ പ്രായം ഉയർത്തുന്ന പ്രഖ്യാപനം നടത്തി. ഇതോടൊപ്പം സർക്കാർ ജോലിക്ക് അപേക്ഷിക്കാവുന്ന പ്രായപരിധി 37ൽനിന്നു 40 ആക്കി. പട്ടികജാതി - പട്ടികവർഗ വിഭാഗത്തിന് ഇതു 45 ആയും ഉയർത്തി. ആറാം ശമ്പളക്കമ്മിഷൻ സർവകലാശാലാ - കോളജ് അധ്യാപകരുടെ വിരമിക്കൽ പ്രായം 60ൽനിന്ന് 65 ആക്കി ഉയർത്താൻ ശുപാർശ ചെയ്തിരുന്നു.

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷൻ നിയമിച്ച സി. കെ. ഛദ്ദ കമ്മിഷനും വിരമിക്കൽ പ്രായം 65 ആക്കണമെന്നുതന്നെയാണു ശുപാർശ ചെയ്തത്. ഇതനുസരിച്ച് ഇതുവരെ മധ്യപ്രദേശ് സർക്കാർ മാത്രമേ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളൂ.

മധ്യപ്രദേശ് സർക്കാർ 2009ൽ നഴ്സുമാരുടെ വിരമിക്കൽ പ്രായം 65 ആക്കി ഉയർത്തിയിരുന്നു. ആശുപത്രികളിൽ നഴ്സുമാരുടെ കുറവ് അനുഭവപ്പെട്ടപ്പോഴായിരുന്നു ഈ നീക്കം. 2011ൽ ഡോക്ടർമാരുടെ വിരമിക്കൽ പ്രായവും 65 ആക്കി ഉയർത്തി.

പല പ്രമുഖ വികസിത രാഷ്ട്രങ്ങളിലെല്ലാംതന്നെ വിരമിക്കൽ പ്രായം അറുപതോ അറുപത്തഞ്ചോ ആണ്. യുഎസ് (65), യുകെ (60), ജപ്പാൻ (60), ഓസ്ട്രേലിയ (60) തുടങ്ങിയവ ഉദാഹരണം.

കേന്ദ്രസർക്കാർ സർവീസ് - ൬൦ വയസ്
കേന്ദ്ര പൊതുമേഖല - ൬൦ വയസ്

ബംഗാളിൽ വിരമിക്കൽ പ്രായം അറുപതും അധ്യാപകരുടേത് അറുപത്തിയഞ്ചുമാണ്.

**വിരമിക്കൽ പ്രായം ൬൦ ഉള്ള സംസ്ഥാനങ്ങൾ**

ബംഗാൾ

ത്രിപുര

കർണാടക

അസം

ബിഹാർ

മധ്യപ്രദേശ്

ആന്ധ്രപ്രദേശ്

മേഘാലയ

ഛത്തീസ്ഗഢ്

ഗുജറാത്ത്

ഹരിയാന

ഹിമാചൽ പ്രദേശ്

നാഗാലാൻഡ്

പഞ്ചാബ്

രാജസ്ഥാൻ

സിക്കിം

യുപി

ഉത്തരാഖണ്ഡ്

പുതുച്ചേരി

കേന്ദ്രഭരണപ്രദേശങ്ങൾ

**വിരമിക്കൽ പ്രായം 58 ഉള്ള സംസ്ഥാനങ്ങൾ**

തമിഴ്നാട്

അരുണാചൽ പ്രദേശ്

ഗോവ

കശ്മീർ

മഹാരാഷ്ട്ര

മണിപ്പൂർ

മിസോറം

ഒഡീഷ

**വിരമിക്കൽ പ്രായം 56 ഉള്ള സംസ്ഥാനങ്ങൾ**

കേരളം

ജാർഖണ്ഡ്

COURTESY - MANORAMA